(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി വിഭാഗത്തിലെ ഒഴിവുകൾ നികത്താൻ നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവ് എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വെറ്ററിനറി സർജന്മാരുടെ 23 ഒഴിവുകളും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 75 ഒഴിവുകളുമുണ്ട്. (പഞ്ചായത്തുകളുടേയും ഡിസ്പെൻസറികളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.)*

(ബി) വെറ്ററിനറി സർജന്മാരുടെയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നോ ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് കരിയാട് പഞ്ചായത്തിൽ വെറ്ററിനറി വിഭാഗത്തിൽ ആളെ നിയമിക്കുന്നതാണ്.

(ഡി) വെറ്ററിനറി സർജന്മാരുടേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാൻ നടപടി**

137 (151) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ സർക്കാർ ഉടമസ്ഥതയിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കെപ്കോ മാതൃകയിൽ ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ ഇറച്ചി-ആട്, ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നില്ല. എന്നാൽ ഇറച്ചി-മുയൽ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള ജില്ലാ കന്നുകാലി വളർത്തൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രം, കുടപ്പനകുന്ന്, ബഫല്ലോ ബ്രീഡിംഗ് ഫാം, കുര്യോട്ടുമല, പന്നിവളർത്തൽ കേന്ദ്രം, കുന്നംകുളം പ്രദേശിക കോഴിവളർത്തൽ കേന്ദ്രം, ചാത്തമംഗലം എന്നിവിടങ്ങളിൽ ഇറച്ചിമുയൽ കുഞ്ഞുങ്ങളെ ലഭ്യമാണ്. സർക്കാർ ആടുവളർത്തൽ കേന്ദ്രങ്ങളായ പാറശ്ശാല. കൊമേരി, അട്ടപ്പാടി എന്നിവിടങ്ങളിൽ സാധാരണ ആട്ടിൻകുട്ടികളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

138 (152) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്" പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ജില്ലകളിലെ എത്ര സ്കൂളുകളിൽ എത്ര കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട് ;

(ബി) മറ്റു ജില്ലകളിൽ എന്നത്തേക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയും ;

(സി) ഇങ്ങനെ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും സംസ്ഥാനത്തിനകത്ത് വിരിയിച്ചെടുത്തതാണോ ; അല്ലെങ്കിൽ ആയത് സംസ്ഥാനത്തിനകത്തുതന്നെ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ 32-സ്കൂളുകളിൽ 3,525 കുട്ടികൾക്ക് 10,565 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മറ്റ് ജില്ലകളിലേക്കും പദ്ധതി നടപ്പിലാക്കാൻ കഴിയും.

(സി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിതരണംചെയ്യുന്ന കോഴികളിൽ 80% ഉം "കെപ്കോ" തന്നെ ഉല്പാദിപ്പിച്ച് വളർത്തി വിതരണം ചെയ്യുന്നതാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ കോഴികൾ ലഭ്യമല്ലാത്ത സമയത്ത് കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ടെണ്ടർ അടിസ്ഥാനത്തിൽ അവ വാങ്ങി വിതരണം ചെയ്യുകയാണ്. നമുക്ക് ആവശ്യമായ കോഴികളെ ഉല്പാദിപ്പിക്കാൻ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. കഴിഞ്ഞ നാല് വർഷംകൊണ്ട് ഉല്പാദനം ഇരട്ടിയാക്കാൻ കഴിഞ്ഞെങ്കിലും ആയത് ഇനിയും വർദ്ധിപ്പിക്കേണ്ടതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly